**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5381** **05-07-2024 - ൽ മറുപടിയ്ക്ക്**

**ബി.ബി.എ., ബി.സി.എ., എം.ബി.എ., എം.സി.എ. കോഴ്സുകൾക്കുള്ള സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബി.ബി.എ., ബി.സി.എ., എം.ബി.എ., എം.സി.എ. എന്നീ കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. അംഗീകരിച്ചിട്ടുള്ളത്ര തന്നെ സീറ്റുകൾ അടിസ്ഥാന സൗകര്യമുള്ള കോളേജുകൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | എ.ഐ.സി.റ്റി.ഇ ഒരു കോളേജിന് അംഗീകരിക്കുന്ന സീറ്റുകൾ ,കോളേജിലെ ഭൗതിക സാഹചര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളിൽ ബന്ധപ്പെട്ട സർവകലാശാലയുടെ പരിശോധനയ്ക്ക് ശേഷമാണ് കോളേജിൽ എത്ര സീറ്റുകൾ അനുവദിക്കണമെന്നതിൽ സർവകലാശാല അന്തിമ തീരുമാനം എടുക്കുന്നത് . AICTE നൽകുന്ന 'Letter of Approval' ലും 'Intake approved for the course is subject to the approval of the concerned University' എന്നത് വ്യക്തമാക്കിയിട്ടുണ്ട്.<br><br>കോഴ്സിന്റെ സീറ്റുകളുടെ എണ്ണം വർധിപ്പിക്കാൻ താൽപര്യപ്പെടുന്ന കോളേജുകൾ സീറ്റ് വർദ്ധനവിനായുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിക്കുന്ന അവസരത്തിൽ എ.ഐ.സി.റ്റി.ഇ മാനദണ്ഡങ്ങൾ പ്രകാരമുള്ള സീറ്റ് വർദ്ധനവിന് അപേക്ഷ സമർപ്പിക്കാവുന്നതാണ് . |
| (ബി) | 2023 അഡ്മിഷൻ വരെ എ.ഐ.സി.റ്റി.ഇ. അംഗീകരിക്കുന്ന സീറ്റുകൾ തന്നെ യൂണിവേഴ്സിറ്റി, അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് കോളേജുകൾക്ക് നൽകിയിരുന്നത് നിർത്തലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ നിലവിൽ തുടർന്നു വരുന്ന രീതിയിൽ മാറ്റമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

സെക്ഷൻ ഓഫീസർ